പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2756      20.07.2011-ൽ മറുപടിയ്ക്ക്

എനർജി ആഡിറ്റ്.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. പി. വിൻസെൻറ് : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലും എനർജി ആഡിറ്റ് നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) സർക്കാരിൻെറ 100 ദിന കർമ്മപരിപാടിയിൽ എനർജി മാനേജ്മെൻറ് സെൻററിൻെറ ആഭിമുഖ്യത്തിൽ ടെക്സ്റ്റൈൽ കോർപ്പറേഷൻെറ കീഴിലുള്ള നാല് വ്യവസായ സ്ഥാപനങ്ങളിൽ എനർജി ഓഡിറ്റ് നടത്തുന്നതിന് നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളും അവരവരുടെ ഫണ്ട് ഉപയോഗിച്ച് എനർജി ഓഡിറ്റ് നടത്തേണ്ടതാണ്. ഇതിനായി എനർജി മാനേജ്മെൻറ് സെൻറർ ബോധവൽക്കരണ പരിപാടികളും പരിശീലന പരിപാടികളും നടത്തിവരുന്നുണ്ട്. 01-01-2011-ലെ ജി. ഒ (ആർ. ടി) 2/2011/പി.ഡി നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ എല്ലാ എച്ച്.റ്റി, ഇ.എച്ച്.റ്റി ഇൻസ്റ്റലേഷൻസും ഹൈറൈസ് ബിൽഡിംഗ്സും മൂന്നുവർഷത്തിലൊരിക്കൽ എനർജി ഓഡിറ്റ് ചെയ്യണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. |
| (ബി) ഇതിൻെറ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ? | (ബി) ഊർജ്ജമുപയോഗിക്കുന്ന ഉപകരണങ്ങളുടേയും അവയുടെ സാങ്കേതിക തത്വങ്ങളുടേയും ഊർജ്ജ കാര്യക്ഷമത കണ്ടുപിടിക്കുന്നതിനും, ഊർജ്ജ സംരക്ഷണ സാധ്യതകളും അതിനുള്ള ചെലവും കണക്കാക്കുന്നതിനും ഉള്ള പഠനമാണ് എനർജി ഓഡിറ്റ്. ശരിയായ രീതിയിലുള്ള എനർജി ഓഡിറ്റ് വഴി ഊർജ്ജ ലാഭം കണ്ടെത്തുന്നതിനുള്ള വഴികളും, ഒരു പരിധി വരെ ഉപയോഗിക്കുന്ന ഉപകരണങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുമുള്ള സാധ്യതകളും കണ്ടുപിടിക്കാവുന്നതാണ്. ഊർജ്ജ ഓഡിറ്റ് റിപ്പോർട്ടുകൾ നടപ്പിലാക്കി പൊതുമേഖലാ സ്ഥാപനങ്ങൾ ഊർജ്ജകാര്യക്ഷമമാക്കുന്നതിനും സാമ്പത്തിക ലാഭം നേടുന്നതിനും സാധിക്കും. |

സെക്ഷൻ ഓഫീസർ.